പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ . *475 20/10/2011 ൽ മറുപടിക്ക്

## ക്രൈം ബ്രാഞ്ച് നവീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ കെ. മുഹമ്മദുണ്ണി ഹാജി:<br>ശ്രീ പി. ഉബൈദുള്ള: | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
| --- | --- |
| (എ) ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനം നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;<br>(ബി) ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനം സമൂലമായി പരിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എയും, ബിയും) ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനം നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും, കാലികമായി പരിഷ്ക്കരിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ച് വരുന്നു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16.02.2011-ൽ പുറപ്പെടുവിച്ച WP(C) നമ്പർ 685/2011-ന്റെ വിധിന്യായത്തിൽ 'ഡെൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ആക്റ്റ്, 1946 'മാതൃകയിൽ സംസ്ഥാനത്തെ പോലീസ് സേനയിൽ ' സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവസ്റ്റിഗേഷൻ' എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപികരിക്കുന്നതിനെ സംബന്ധിച്ച് ആലോചന നടത്തുവാനും അനുയോജ്യ പരിഹാര നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചു. ഇതു സംബന്ധിച്ച് സ്റ്റേറ്റ് പോലീസ് ചീഫിൽ നിന്നും ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സ്റ്റേറ്റ് പോലീസ് ചീഫിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (സി) കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ക്രൈം ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേകം പരിശീലനം നൽകുമോ? | (സി) ക്രൈംബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥർക്ക് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി അന്വേഷണ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ